സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 52 2025 മെയ് 10 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ദാൽ തടാകത്തിൽ മിസൈൽ പതിച്ചു; സ്ഫോടന ശബ്ദം, അവശിഷ്ടങ്ങൾ കണ്ടെടുത്തു

ശ്രീനഗർ: ജമ്മു കശ്മീരിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ദാൽ തടാകത്തിൽ മിസൈലെന്ന് സംശയിക്കുന്ന വസ്തു പതിച്ചതായി റിപ്പോർട്ടുകൾ. ഇന്ന് രാവിലെയാണ് സംഭവം. മേഖലയിൽ വൻ സ്ഫോടന ശബ്ദം കേട്ടതായും ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.തടാകത്തിൽ പതിച്ച മിസൈലെന്ന് കരുതുന്ന വസ്തുവിന്റെ അവശിഷ്ടങ്ങൾ സുരക്ഷാസേന കണ്ടെടുത്തു. ഇത് വിശദമായി പരിശോധിച്ചുവരികയാണ്. സംഭവത്തിന്റെ വിഡിയോ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുകയാണ്. ശ്രീനഗറിന്റെ സമീപപ്രദേശമായ ലാസ്ജാനിൽ നിന്നും അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ഇതും പരിശോധിക്കുകയാണ്.

അതിർത്തിയിൽ സന്നാഹം; പാക്കിസ്ഥാൻ കരയുദ്ധത്തിന് തയ്യാറെടുക്കുന്നെന്ന് സൂചന

ന്യൂഡൽഹി: ഇന്ത്യക്ക് നേരെ പാക്കിസ്ഥാൻ ഫത്ത മിസൈൽ പ്രയോഗിച്ചെന്ന് സ്ഥിരീകരിച്ച് കേന്ദ്രസർക്കാർ. കടുത്ത പ്രകോപനം സൃഷ്ടിക്കുന്ന പാകിസ്ഥാൻ, തുടർച്ചയായി ജനവാസ കേന്ദ്രങ്ങളെയും സൈനിക കേന്ദ്രങ്ങളെയും ലക്ഷ്യമിടുന്നു. ഇന്ത്യൻ സൈന്യം വിജയകരമായി പ്രതിരോധിച്ചെങ്കിലും വ്യോമതാവളങ്ങളിലെ ആക്രമണങ്ങളിൽ സൈനികർക്ക് പരുക്കു പറ്റി. അതേസമയം പാക്കിസ്ഥാൻ കരയുദ്ധത്തിന് തയാറെടുക്കുന്നു എന്ന സൂചനയും വിദേശകാര്യ പ്രതിരോധ, മന്ത്രാലയങ്ങൾ സംയുക്ത വാർത്താസമ്മേളനത്തിൽ നൽകി. അതിർത്തിയോട് ചേർന്ന് പാക്സേനയുടെ കൂടുതൽ നീക്കങ്ങളെന്നും നേരിടാൻ സായുധസേനകൾ തയ്യാറെന്നും കേണൽ സോഫിയ ഖുറേഷി പറഞ്ഞു.

ഡൽഹിയിൽ വെച്ച് ചേർന്ന സംയുക്ത സേനാ വാർത്താ സമ്മേളനത്തിലായിരുന്നു ഇക്കാര്യം വ്യക്തമാക്കിയത്. വിങ് കമാൻഡർ വ്യോമിക സിങ്, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, കേണൽ സോഫിയ ഖുറേഷി എന്നിവരായിരുന്നു വാർത്താ സമ്മേളനത്തിൽ പങ്കെടുത്തത്.

പടിഞ്ഞാറൻ അതിർത്തിയിൽ യുദ്ധവിമാനങ്ങളും ദീർഘദൂര ആയുധങ്ങളും ഡ്രോണുകളും ഉപയോഗിച്ച് ഇന്ത്യയെ ആക്രമിക്കാൻ പാക്കിസ്ഥാൻ ശ്രമിക്കുകയാണ്. ശ്രീനഗർ മുതൽ നലിയ വരെ 26 ഇടങ്ങളിൽ പാക്കിസ്ഥാൻ ആക്രമണം നടത്താൻ ശ്രമിച്ചു, ഇന്ത്യൻ സൈന്യം വിജയകരമായി പ്രതിരോധിച്ചു. എങ്കിലും ഉധംപൂർ, പഠാൻകോട്ട്, ആദംപൂർ, ഭുജ് എന്നിവിടങ്ങളിലെ വ്യോമതാവളങ്ങളിൽ നേരിയ നാശനഷ്ടങ്ങളും സൈനികർക്ക് പരുക്കുമേറ്റു. മറുപടിയായി പാക്കിസ്ഥാന്റെ 5വ്യോമതാവളങ്ങൾ ഇന്ത്യ ആക്രമിച്ചു. റഫീഖി, മുറീദ്, ചക്‌ലാല, റഹീം യാർ ഖാൻ, സുകൂർ എന്നിവിടങ്ങളിൽ യുദ്ധവിമാനങ്ങളിൽനിന്നാണ് ആക്രമണം നടത്തിയത്. പസ്രൂരിലും, സിയാൽകോട്ടിലുമുള്ള പാക്കിസ്ഥാന്റെ റഡാർ സ്റ്റേഷനുകളും ആക്രമിച്ചു.

നിയന്ത്രണരേഖക്ക് സമീപം പാക്കിസ്ഥാൻ നടത്തിയ ഷെല്ലിങ്ങിൽ ഏതാനും സാധാരണക്കാർക്ക് ജീവൻ നഷ്ടമാവുകയും കെട്ടിടങ്ങൾക്ക് കേടുപാടുകൾ ഉണ്ടാവുകയും ചെയ്തു. യുദ്ധനീതിക്ക് നിരക്കാത്ത തരത്തിൽ ആശുപത്രികളും സ്കൂളുകളും പോലും പാക്കിസ്ഥാൻ ലക്ഷ്യമിടുന്നു. വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്ന നടപടിയും തുടരുകയാണെന്ന് വിദേശകാര്യസെക്രട്ടറി പറഞ്ഞു. ഇന്ത്യയുടെ സൈനികകേന്ദ്രങ്ങളും വ്യോമതാവളങ്ങളും തകർത്തെന്ന പാക്കിസ്ഥാന്റെ വ്യാജപ്രചാരണവും വക്താക്കൾ പൊളിച്ചു. തെളിവായി റൺവേകളുടേയും സൈനികരുടേയും തൽസമയ ദൃശ്യങ്ങൾ പങ്കുവച്ചു. അഫ്ഗാനിൽ ഇന്ത്യൻ മിസൈൽ വീണു എന്നതും വ്യാജപ്രചാരണമെന്നും വക്താക്കൾ.

ട്രെയിൻ യാത്രക്കിടെ യുവാവിനെ കാണാതായി; തെറിച്ചുവീണതായി സംശയം

റാന്നി: ട്രെയിനിൽ സുഹൃത്തുക്കൾക്കൊപ്പം യാത്ര ചെയ്യുന്നതിനിടെ വെച്ചൂച്ചിറ സ്വദേശിയായ യുവാവ് തെറിച്ചുവീണ് അപകടത്തിൽ പെട്ടതായി സംശയം. പരാതിയെ തുടർന്ന് അന്വേഷണം നടത്തിയെങ്കിലും കണ്ടെത്താനായില്ല. വെച്ചൂച്ചിറ കുമ്പിത്തോട് വേഴക്കാട്ട് വിശ്വനാഥൻ മകൻ വിനീതിനെ (32)യാണ് ഇക്കഴിഞ്ഞ ദിവസം പുലർച്ചെ മൂന്നരക്ക് ശേഷം കോഴിക്കോടിനും കുറ്റിപ്പുറത്തിനും ഇടയിൽ വെച്ച് കാണാതായത്.

മംഗളൂരുവിൽ അലൂമിനിയം ഫാബ്രിക്കേഷൻ ജോലി കഴിഞ്ഞ് വിനീത് ഉൾപ്പടെ 5 പേർ നാട്ടിലേക്കു ട്രെയിനിൽ വരുമ്പോഴാണ് സംഭവം. ട്രെയിൻ കോഴിക്കോട് സ്റ്റേഷൻ വിട്ടതിന് പിന്നാലെ ശുചിമുറിയിൽ പോകുന്നതിനായി വിനീത് എഴുന്നേറ്റു പോയതാണെന്നും പിന്നെ തിരികെ വന്നില്ലന്നുമാണ് ഒപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾ പൊലീസിനെ അറിയിച്ചത്. 5 മിനിറ്റ് കഴിഞ്ഞിട്ടും തിരികെ എത്താതായതോടെ സുഹൃത്തുക്കൾ ശുചിമുറിയിൽ വിനീതിനെ തിരക്കി ചെന്നെങ്കിലും കണ്ടെത്താനായില്ല. ഈ സമയം ട്രെയിനിൽ പിന്നിലെ കംമ്പാർട്ടുമെൻറിൽ ഇരുന്നയാൾ ഒരാൾ വാതിലിലൂടെ പുറത്തേക്കു വീണതായി കണ്ടെന്ന് സംശയം പ്രകടിപ്പിച്ചു. തുടർന്ന് സുഹൃത്തുക്കൾ കുറ്റിപ്പുറം സ്റ്റേഷനിൽ ഇറങ്ങി പരിശോധന നടത്തി.ബന്ധുക്കൾ വെച്ചൂച്ചിറ പൊലീസിൽ പരാതി നൽകി.

കടകൾ അടയ്ക്കണം'; രാജസ്ഥാനിൽ മൂന്നിടത്ത് റെഡ് അലേർട്ട്, ലോക്ക്ഡൗൺ

ജയ്പൂർ: പാക് പ്രകോപനം തുടരുന്ന സാഹചര്യത്തിൽ അതിർത്തി സംസ്ഥാനമായ രാജസ്ഥാനിലെ മൂന്ന് നഗരങ്ങളിൽ റെഡ് അലേർട്ട്. രാജസ്ഥാനിലെ ബാർമർ, ശ്രീ ഗംഗാനഗർ, ജോധ്പൂർ എന്നിവിടങ്ങളിലാണ് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. കടകമ്പോളങ്ങൾ അടച്ചിടണമെന്നും എത്രയും പെട്ടെന്ന് തന്നെ ജനങ്ങൾ വീടുകളിലേക്ക് മടങ്ങണമെന്നും ജില്ലാ ഭരണകൂടം അറിയിച്ചു.

ശനിയാഴ്ച രാവിലെ പത്ത് മണിയോടെയാണ് ബാർമർ ജില്ലാ കളക്ടർ ടിന ദാബി കടകൾ അടച്ച് ജനങ്ങൾ എത്രയും പെട്ടെന്ന് വീടുകളിലേക്ക് മടങ്ങണമെന്ന ഉത്തരവ് പുറപ്പെടുവിച്ചത്. മാർക്കറ്റുകൾ അടച്ചിടണം. പൊതുവിടങ്ങളിൽ കൂടിയുള്ള സഞ്ചാരം ഉടൻ നിർത്തിവെക്കണം. ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തണം. ഇതൊരു അടിയന്തര അറിയിപ്പാണെന്നും ജില്ലാ കളക്ടറുടെ ഉത്തരവിൽ പറയുന്നു. പാകിസ്താൻ ഡ്രോൺ ആക്രമണം നടത്തിയതിന് പിന്നാലെ പുലർച്ചെ അഞ്ച് മണിയോടെ ഈയിടങ്ങളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ജില്ലാ കളക്ടർ കടകമ്പോളങ്ങൾ അടച്ചുകൊണ്ടും ജനങ്ങൾ വീടുകളിൽ തുടരണമെന്നും അറിയിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്.

ശ്രീ ഗംഗാനഗറിൽ പൂർണ ലോക്ക്ഡൗൺ പ്രാബല്യത്തിലാണെന്നും ജനം വീടുകളിൽ തന്നെ തുടരാൻ കർശന നിർദേശം നൽകിയിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു. ജില്ലാ ഭരണകൂടവും പോലീസും ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ടെന്നും അധികൃതർ അറിയിച്ചു.

ജോധ്പുരിലും സമാനമായ നടപടികളുമായി ഭരണകൂടം രംഗത്തെത്തിയ മാർക്കറ്റുകൾ അടച്ചിടാനും ജനം എത്രയും പെട്ടെന്ന് വീടുകളിലേക്ക് മടങ്ങണമെന്നും ഭരണകൂടം അറിയിച്ചു. ജയ്സാൽമീറിലും മുൻകരുതൽ നടപടിയുടെ ഭാഗമായി മാർക്കറ്റുകൾ അടച്ചു. പൊതുസ്ഥലങ്ങളിൽ ഒത്തുകൂടരുതെന്ന് പോലീസ് ജനങ്ങളോട് അഭ്യർത്ഥിച്ചതായി ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

ഇന്ത്യ പാക് സംഘർഷം; മധ്യസ്ഥശ്രമവുമായി യു.എസ്; സമാധാനം പുനസ്ഥാപിക്കണമെന്ന് ജി 7 രാജ്യങ്ങളും

ന്യൂഡൽഹി: ജമ്മു കശ്മീരിലും പഞ്ചാബിലും അടക്കം ഇന്ത്യൻ അതിർത്തികളിൽ പാകിസ്ഥാന്റെ ആക്രമണവും ഇന്ത്യയുടെ പ്രത്യാക്രമണവും തുടരവേ മധ്യസ്ഥശ്രമവുമായി യു.എസ്. ഇന്ത്യൻ വിദേശകാര്യമന്ത്രി എസ്.ജയശങ്കറുമായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ സംസാരിച്ചു. ഇന്ത്യ പാക് സംഘർഷത്തിൽ ഇടപെടില്ലെന്ന് യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി.വാൻസ് പറഞ്ഞതിന് പിന്നാലെയാണ് മധ്യസ്ഥശ്രമവുമായി സ്റ്റേറ്റ് സെക്രട്ടറി രംഗത്തെത്തുന്നത്. മധ്യസ്ഥ ചർച്ചകൾക്ക് മാർക്കോ റൂബിയോ പിന്തുണയറിയിച്ചതായാണ് വിവരം. സംഘർഷം ലഘൂകരിക്കാൻ ആശയവിനിമയം പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പാക് സേനാമേധാവിയുമായി സംസാരിച്ചതിന് ശേഷമായിരുന്നു ജയശങ്കറിനെ മാർക്കോ റൂബിയോ ബന്ധപ്പെട്ടത്. ഇന്ത്യപാക് ചർച്ചകൾക്ക് സഹായം ചെയ്യാമെന്നാണ് മാർകോ റൂബിയോ പാക് സേനാമേധാവിയേയും അറിയിച്ചത്.

ഒരാഴ്ചക്കിടെ ഇത് രണ്ടാം തവണയാണ് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ജയ്ശങ്കറുമായി സംസാരിക്കുന്നത്. ഈ ആഴ്ച ആദ്യം, ഇന്ത്യൻ വിദേശകാര്യ മന്ത്രിയുമായുള്ള ഒരു ഫോൺ സംഭാഷണത്തിൽ സംഘർഷം ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫുമായി പ്രത്യേകം സംസാരിച്ച അദ്ദേഹം, ഭീകരവാദത്തിന് നൽകുന്ന എല്ലാ പിന്തുണയും അവസാനിപ്പിക്കാൻ പാകിസ്ഥാൻ കൃത്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. സംഘർഷത്തിൽ നിന്നും ഇന്ത്യയും പാക്കിസ്ഥാനും പിന്മാറണമെന്നും സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നതായും അമേരിക്കൻ പ്രഡിഡൻറ് ഡോണൾഡ് ട്രംപ് നേരത്തെ പ്രതികരിച്ചിരുന്നു.

ഇരുരാജ്യങ്ങളും സംഘർഷത്തിൽ നിന്ന് പിൻമാറണമെന്ന് ജി7 രാജ്യങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്.

ലോറിയും ഓട്ടോയും കൂട്ടിയിടിച്ചു; ഡ്രൈവർമാർക്ക് പരിക്ക്

കോഴിക്കോട്: വെങ്ങളം ബൈപ്പാസിൽ ലോറിയും ഓട്ടോയും കൂട്ടിയിടിച്ച് അപകടം. ശനിയാഴ്ച പുലർച്ചെ മൂന്ന് മണിയോടുകൂടിയാണ് വെങ്ങളം ബൈപ്പാസിൽ കൊയിലാണ്ടിക്ക് പോവുകയായിരുന്ന ലോറിയും ഓട്ടോയും തമ്മിൽ കൂട്ടിയിടിച്ചത്.

ലോഡ് കയറ്റിയ മിനി ലോറി പുതിയ ദേശീയപാതയിൽ നിന്നും സർവീസ് റോഡിലേക്ക് കയറുമ്പോൾ ഡിവൈഡറിൽ ഇടിച്ച് ഓട്ടോയ്ക്ക് മുകളിലേക്ക് മറിയുകയായിരുന്നു. പരിക്കേറ്റ മിനി ലോറിയിലെയും ഓട്ടോയിലെയും ഡ്രൈവർമാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കൊയിലാണ്ടിയിൽനിന്നെത്തിയ അഗ്നിരക്ഷാസേനയും പോലീസും ചേർന്ന് ക്രെയിനിന്റെ സഹായത്തോടുകൂടി അപകടത്തിൽപ്പെട്ട വാഹനങ്ങൾ വശങ്ങളിലേക്ക് മാറ്റി. രണ്ടുമണിക്കൂറോളം കൊയിലാണ്ടി ഭാഗത്തേക്കുള്ള ഗതാ?ഗതം തടസ്സപ്പെട്ടു.

ഗ്രേഡ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ മജീദ് എമ്മിന്റെ നേതൃത്വത്തിൽ എഫ്ആർ ഒമാരായ രതീഷ് കെ.എൻ, നിധിപ്രസാദ് ഇ.എം, ലിനീഷ് എം, അമൽ വി.എസ്, നിതിൻ രാജ് ഇ.കെ, ഇന്ദ്രജിത്ത് ഐ, ഹോംഗാർഡുമാരായ രാജേഷ് കെ.പി, രാംദാസ്, ഷൈജു എന്നിവർ രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.

റഫാൽ വിമാനം തകർന്ന് പൈലറ്റ് മരത്തിൽ കുടുങ്ങിയെന്ന് പാക് പ്രചാരണം

ന്യൂഡൽഹി: ഇന്ത്യയുടെ റഫാൽ യുദ്ധവിമാനം തകർന്ന് പൈലറ്റ് മരത്തിൽ കുടുങ്ങിയെന്ന് പാകിസ്താൻ ട്വിറ്റർ ഹാൻഡിലുകളുടെ വ്യാജ പ്രചാരണം. പറക്കുന്നതിനിടെ റഫാൽ വിമാനം തകർന്ന് ശിവാംഗി സിങ് എന്ന ഇന്ത്യൻ വ്യോമസേന വനിത പൈലറ്റ് മരത്തിൽ കുടുങ്ങി എന്ന അടിക്കുറിപ്പോടെയാണ് ചിത്രങ്ങളും വിഡിയോകളും പ്രചരിപ്പിക്കുന്നത്. പാകിസ്താൻ തഹ്‌രീകെ ഇൻസാഫ് പാർട്ടി നേതാക്കൾ അടക്കം ഇത് പങ്കുവെച്ചിട്ടുണ്ട്. എന്നാൽ, ഇത് കള്ളമാണെന്ന് വസ്തുതാന്വേഷണ മാധ്യമപ്രവർത്തകനായ മുഹമ്മദ് സുബൈർ തെളിവുസഹിതം ചൂണ്ടിക്കാട്ടി. ഏറെ നാൾ മുമ്പ് കുളു മണാലിയിൽ നടന്ന ഗ്ലൈഡർ അപകടത്തിന്റെ ദൃശ്യമാണിതെന്നും ശിവാംഗി സിങ് അല്ലെന്നും സുബൈർ വ്യക്തമാക്കി.

പിന്നാലെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ (പി.ഐ.ബി) യുടെ ഫാക്ട് ചെക് വിഭാഗവും ഇക്കാര്യം വ്യക്തമാക്കി ട്വീറ്റ് ചെയ്തിട്ടുണ്ട്. ഇന്ത്യൻ വനിതാ വ്യോമസേന പൈലറ്റ് സ്ക്വാഡ്രൺ ലീഡർ ശിവാനി സിങ് പാകിസ്താനിൽ പിടിയിലായി എന്ന വാർത്ത പാകിസ്താൻ അനുകൂല സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ടെന്നും ഇത് വ്യാജമാണെന്നും പി.ഐ.ബി വ്യക്തമാക്കി.

ഇതടക്കം നിരവധി വ്യാജങ്ങളാണ് യുദ്ധവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്നത്. ഇതിൽ പലതും സുബൈറും അദ്ദേഹത്തിന്റെ ആൾട്ട് ന്യൂസും പൊളിച്ചടുക്കിയിരുന്നു. ഇന്നലെ കേന്ദ്ര മന്ത്രി കിരൺ റിജിജു പങ്കുവെച്ച വ്യാജവാർത്തയും സുബൈർ ചൂണ്ടിക്കാട്ടിയിരുന്നു. നാവികസേന കറാച്ചിയിൽ ആക്രമണം നടത്തിയെന്ന വ്യാജ വാർത്തയാണ് റിജിജുവിന്റെ ഒഫിഷ്യൽ എക്സ് അക്കൗണ്ടിൽ ആദ്യം പോസ്റ്റ് ചെയ്തത്. എന്നാൽ, ഇത് വ്യാജമാണെന്നും കേന്ദ്ര മന്ത്രി വരെ മാധ്യമങ്ങളുടെയും സമൂഹമാധ്യമങ്ങളുടെയും വ്യാജ വാർത്തയിൽ വീണുവെന്നും ചൂണ്ടിക്കാട്ടി സുബൈർ രംഗത്തെത്തി. പിന്നാലെ പോസ്റ്റ് ഡിലീറ്റ് ചെയ്ത മന്ത്രി, സുബൈറിന്റെ കുറിപ്പ് റിട്വീറ്റ് ചെയ്യുകയും തന്റെ പേരിൽ ആരോ വ്യാജ പോസ്റ്റ് സൃഷ്ടിച്ചതാണ് എന്ന് ആരോപിക്കുകയും ചെയ്തു. 'നിർണായക സമയത്ത് ആരാണ് ഈ ദുഷ്പ്രവൃത്തി ചെയ്യുന്നത്? രാഷ്ട്രീയം കളിക്കാനുള്ള സമയമല്ലിത്. ആരോ വ്യാജ അക്കൗണ്ടുകൾ സൃഷ്ടിച്ചു, അത് മാധ്യമപ്രവർത്തകർ വഴി പങ്ക് വെക്കുന്നു!' എന്നായിരുന്നു സുബൈറിന്റെ ട്വീറ്റ് ചൂണ്ടിക്കാട്ടി റിജിജുവിന്റെ പോസ്റ്റ്.

ആംബുലൻസിൽ ലഹരി കച്ചവടം 2 യുവാക്കൾ പിടിയിൽ

ചേറ്റുവ: ആംബുലൻസിൽ എം ഡി എം എ കച്ചവടം നടത്തുന്ന 2പേർ പിടിയിൽ. ചേറ്റുവ സ്വദേശി നസറുദ്ദീൻ, ചാവക്കാട് സ്വദേശി അഫ്സാദ് തുടങ്ങിയവരാണ് പിടിയിലായത്.

റേഷൻ കാർഡുടമകൾക്ക് തിരിച്ചടിയാകുമോ? കേന്ദ്രം അനുവദിച്ച വിഹിതം നഷ്ടപ്പെടും, കാരണം കേരളം

തിരു: വെള്ള കാർഡുകാരുൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും റേഷൻ കടകളിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന അളവിൽ കേന്ദ്രം മണ്ണെണ്ണ അനുവദിച്ചിട്ടും അത് ഏറ്റെടുക്കാനാകാതെ സംസ്ഥാന സർക്കാർ. ഓയിൽ കമ്പനികളിൽ നിന്നും മണ്ണെണ്ണ റേഷൻ കടകളിലെത്തിക്കുന്ന കരാറുകാർക്ക് അധികമായി നൽകേണ്ട തുക അനുവദിക്കുന്നതിൽ ധന വകുപ്പ് തീരുമാനമെടുക്കാത്തതാണ് കാരണം.

അനുവദിച്ചത് . ഇതോടെ, രണ്ടു വർഷത്തിനു ശേഷം എല്ലാ കാർഡുകാർക്കും മണ്ണെണ്ണ ലഭ്യമാകുന്ന അവസരമാണ് കൈവന്നത്. അടുത്ത മാസാവസാനത്തോടെ മണ്ണെണ്ണ ഏറ്റെടുത്തില്ലെങ്കിൽ ഇപ്പോൾ അനുവദിച്ച ത്രൈമാസ വിഹിതം നഷ്ടമാകുമെന്ന് മാത്രമല്ല, ഭാവിയിൽ മണ്ണെണ്ണ സംസ്ഥാനത്തിന് അനുവദിക്കുകയുമില്ല.നിലവിൽ അനുവദിച്ചു വരുന്ന കണക്കിൽ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യ ക്വാർട്ടറിലേക്ക് കേരളത്തിനുള്ള മണ്ണെണ്ണ അലോട്മെന്റ് 780 കിലോ ലിറ്റർ (7.8 ലക്ഷം) മാത്രമാണ്. ഇപ്പോൾ അനുവദിച്ചത് 4,896 കിലോ ലിറ്റർ കൂടുതൽ.

റേഷൻ മണ്ണെണ്ണ വിഹിതം കുറഞ്ഞതോടെ വിതരണക്കാരെല്ലാം രംഗം വിട്ടിരുന്നു. ആദ്യത്തെ 40 കിലോമീറ്റർ ദൂരം മണ്ണെണ്ണയുമായി പോകാൻ കരാറുകാർക്ക് 325 രൂപയാണ് നൽകിയിരുന്നത്. അത് 500 രൂപയാക്കണമെന്നാണ് ആവശ്യം.കൂടാതെ, സംഭരണ, വിൽപന ലൈസൻസുകളും ജി.എസ്.ടി രജിസ്ട്രേഷനും പിഴ കൂടാതെ പുതുക്കി നൽകണമെന്നും ലീക്കേജ് അലവൻസ് പുനഃസ്ഥാപിക്കണമെന്നും മണ്ണെണ്ണ ഡീലർമാർ ആവശ്യപ്പെടുന്നു.

കമ്മീഷൻ കൂടുതൽ വേണമെന്ന് റേഷൻ വ്യാപാരികളും ആവശ്യപ്പെടുന്നു .മണ്ണെണ്ണ ഏറ്റെടുക്കുന്നതു സംബന്ധിച്ച് 22നു മുമ്പ് കേന്ദ്ര പെട്രോളിയം വകുപ്പിന് സംസ്ഥാന സർക്കാർ വിവരം നൽകണം. അധികച്ചെലവിനായി പണം അനുവദിക്കണമെന്ന് ഭക്ഷ്യ വകുപ്പ് കഴിഞ്ഞ മാസം ധന വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

ജമ്മുകശ്മീരിൽ കുടുങ്ങിയ മലയാളിവിദ്യാർഥികളെ നാട്ടിലെത്തിക്കണം; ഒമർ അബ്ദുള്ളയുമായി ആശയവിനിമയംനടത്തി

ശ്രീനഗർ: സംഘർഷ ബാധിത പ്രദേശമായ ജമ്മുകശ്മീരിൽ കുടുങ്ങിയ മലയാളി വിദ്യാർഥികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായി കെ.സി വേണു?ഗോപാൽ എം.പി ആശയവിനിമയം നടത്തി. മലയാളി വിദ്യാർഥികൾക്ക് നാട്ടിലെത്താൻ സുരക്ഷയും യാത്രാ സൗകര്യവും ഒരുക്കണമെന്ന് ജമ്മുകശ്മീർ മുഖ്യമന്ത്രിയോട് കെ.സി വേണു?ഗോപാൽ അഭ്യർഥിച്ചു.

വിദ്യാർഥികൾക്ക് മതിയായ സുരക്ഷയോടെ യാത്രാ സൗകര്യം ഒരുക്കാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തുമെന്ന് ജമ്മു മുഖ്യമന്ത്രി എംപിയെ അറിയിച്ചു. അതിർത്തി സംസ്ഥാനങ്ങളിൽനിന്ന് ഡൽഹിയിലെത്തുന്ന വിദ്യാർഥികൾക്ക് റിസർവേഷൻ സൗകര്യം ഉറപ്പാക്കണമെന്ന് റെയിൽവേ ബോർഡ് ചെയർമാനോട് എംപി ആവശ്യപ്പെട്ടിരുന്നു.

ഇക്കാര്യം ചൂണ്ടിക്കാട്ടി എം.പി റെയിൽവേ ബോർഡ് ചെയർമാന് കത്തുനൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിൽനിന്ന് ശനിയാഴ്ച നാട്ടിലേക്ക് പുറപ്പെട്ട മംഗളാ എക്സ്പ്രസിൽ അധികമായി സീറ്റ് അനുവദിച്ചിട്ടുണ്ട്. വരും ദിവസങ്ങളിലും ഇതേ റിസർവേഷൻ ക്രമീകരണം ഉറപ്പുവരുത്തണമെന്നും കെ.സി വേണുഗോപാൽ ആവശ്യപ്പെട്ടിട്ടുണ്ട്.

വിഴിഞ്ഞം പുറംകടലിൽ ഒരാഴ്ചയായി നങ്കൂരമിട്ട് വിദേശ കപ്പൽ; ഉടൻ തീരം വിടണമെന്ന് കോസ്റ്റ് ഗാർഡ്

തിരു: വിഴിഞ്ഞം പുറംകടലിൽ തുടരുന്ന വിദേശ ചരക്ക് കപ്പൽ 48 മണിക്കൂറിനുള്ളിൽ ഇന്ത്യൻ തീരം വിടണമെന്ന് കർശന നിർദേശം നൽകി കോസ്റ്റ് ഗാർഡ്. എഞ്ചിനിലെ കംപ്രസർ തകരാറായി യാത്ര മുടങ്ങിയതോടെയാണ് കപ്പൽ വിഴിഞ്ഞം പുറംകടലിൽ നങ്കൂരമിട്ടചെന്നൈയിൽ നിന്ന് ദുബായ് തുറമുഖത്തേക്ക് പോവുകയായിരുന്ന എംവി സിറാ എന്ന ബൾക്ക് കാരിയർ ചരക്കു കപ്പൽ ഉടൻ തകരാർ പരിഹരിച്ച് ഇന്ത്യൻ തീരം വിടാൻ കോസ്റ്റ് ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷൻ അധികൃതരാണ് നിർദേശിച്ചത്.

കഴിഞ്ഞ ഒരാഴ്ചയായി കപ്പൽ വിഴിഞ്ഞം പുറംകടലിൽ തുടരുകയാണ്. ഇതോടെ കോസ്റ്റ്ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷനിൽ നിന്ന് സി – 441 എന്ന കപ്പലെത്തി പരിശോധന നടത്തിയിരുന്നു. എഞ്ചിനിലെ കംപ്രസർ തകരാറിലായതാണ് കപ്പൽ പുറപ്പെടുന്നതിന് തടസമായതെന്ന് ക്യാപ്റ്റനും ഈജിപ്ത് സ്വദേശിയുമായ അൻവർ ഗാമൽ കോസ്റ്റ്ഗാർഡിലെ ഉദ്യോഗസ്ഥരെ അറിയിച്ചു. രാജ്യത്തിന്റെ നിലവിലെ സാഹചര്യമനുസരിച്ച് കഴിഞ്ഞ ഒരാഴ്ചക്കാലമായി കപ്പൽ പുറംകടലിൽ തുടർന്നതിനാലാണ് കോസ്റ്റ്ഗാർഡിന്റെ ഉദ്യോഗസ്ഥരെത്തി കപ്പലിനുള്ളിൽ പരിശോധന നടത്തിയത്.

ഇന്ത്യക്കാരടക്കം 26 ജീവനക്കാരാണ് കപ്പലിലുള്ളതെന്നും ക്യാപ്റ്റൻ അറിയിച്ചു. കേരളാ മാരിടൈം ബോർഡിന്റെ വിഴിഞ്ഞം അധികൃതരോട് കപ്പലിന്റെ യന്ത്ര തകരാർ പരിഹരിക്കുന്നതിന് സഹായം തേടിയിരുന്നു. എന്നാൽ, ഇതിൽ തീരുമാനം ആയിരുന്നില്ല. സ്പെയർ പാർട്സ് എത്തിക്കുന്നതിനുള്ള സഹായമാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, കസ്റ്റംസ്, ഇമിഗ്രേഷൻ ഉൾപ്പെടെയുള്ള ഏജൻസികളുടെ നടപടികൾ പൂർത്തിയായാൽ മാത്രമേ എത്തിക്കാനാകൂ. ഇതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ് എന്നാണ് വിവരം.

ഐപിഎൽ മത്സരങ്ങൾ ഇംഗ്ലണ്ടിലേക്ക്? ബിസിസിഐക്ക് സഹായം വാഗ്ദാനം ചെയ്ത് ഇസിബി

ലണ്ടൻ: ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ ഐപിഎൽ നിറുത്തിവയ്ക്കുന്നതായി പ്രഖ്യാപിച്ചതിന് പിന്നാലെ ബിസിസിഐക്ക് പിന്തുണയുമായി ഇംഗ്ലണ്ട് ആൻഡ് വെ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അധ്യാപകർ കുട്ടികളുടെ ജീവിതവും ചിട്ടപ്പെടുത്തണം: വി.എം. സുധീരൻ

പുല്ലൂർ : ജനങ്ങളുടെ സാമൂഹിക നിലവാരത്തെ രൂപപ്പെടുത്തുന്നത് അധ്യാപക സമൂഹമാണെന്നും ചന്ദ്രിക ടീച്ചർ ആ പ്രതിബദ്ധത ഉടനീളം പുലർത്തിയെന്നും വി.എം. സുധീരൻ അനുസ്മരിച്ചു. ചെരിയനത്ത് ചന്ദ്രിക ടീച്ചറുടെ അനുസ്മരണ സമ്മേളനം ഉൽഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു സുധീരൻ ദേശീയ അധ്യാപക അവാർഡ് ജേതാവ് പി.കെ.ഭരതൻ അധ്യക്ഷത വഹിച്ചു. പ്രൈമറി ക്ലാസിൽ പഠിക്കുമ്പോൾ തന്നിലുള്ള കഴിവുകൾ കണ്ടെത്തിയത് അധ്യാപകരായിരുന്നു. ഓരോ അധ്യാപകനേയും വ്യക്തിപരമായി അറിയാമായിരുന്നു. അത് അധ്യാപക വിദ്യാർത്ഥി ബന്ധങ്ങളുടെ സുവർണ കാലഘട്ടമായിരുന്നു. ഇന്നത്തെ സങ്കീർണമായ ജീവിത സാഹചര്യത്തിൽ അദ്ധ്യാപകർ കുട്ടികളുടെ പഠനം മാത്രമല്ല ജീവിതവും ശ്രദ്ധിക്കേണ്ടതുണ്ട്. ചന്ദ്രിക ടീച്ചറുടെ ജീവിതവും ഓർമ്മകളും പങ്കുവെയ്ക്കുന്ന നിത്യചന്ദ്രിക എന്ന പുസ്തകത്തിന്റെ പ്രകാശനം വി.എം. സുധീരൻ അജയമങ്ങാട്ടിനു നൽകി നിർവ്വഹിച്ചു. പുസ്തകം എഡിറ്റ് ചെയ്ത എം.പി. സുരേന്ദ്രൻ നിത്യചന്ദ്രിക പരിചയപ്പെടുത്തി.

എം.കെ. അബ്ദുൾ സലാം, സോണിയ ഗിരി , പവിഴം ടീച്ചർ, ടി.വി. ചാർളി, സിഒ. ടി. അസീസ്, സി. എസ്. രവീന്ദ്രൻ, അഡ്വ .തേജസ് പുരുഷോത്തമൻ എന്നിവർ സംസാരിച്ചു.

കുടുംബശ്രീ സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചു: മികച്ച നേട്ടവുമായി തൃശൂർ

തൃശൂർ: സംസ്ഥാന കുടുംബശ്രീ അവാർഡുകളിൽ തിളങ്ങി കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷൻ. കുടുംബശ്രീയുടെ വിവിധ മേഖലകളിലെ പ്രവർത്തന മികവിനുള്ള അംഗീകാരമായാണ് 17 സംസ്ഥാനതല കുടുംബശ്രീ അവാർഡുകൾ തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് അവാർഡുകൾ പ്രഖ്യാപിച്ചത്. ഒമ്പത് ഇനങ്ങളിലും അവാർഡുകൾ കരസ്ഥമാക്കിയാണ് കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷൻ ഈ മിന്നും നേട്ടം കൈവരിച്ചത്.

മികച്ച എഡിഎസിനുള്ള ഒന്നാം സ്ഥാനം വരവൂർ സി.ഡി.എസ്സിനു കീഴിലുള്ള തിച്ചൂർ എ.ഡി.എസ് കരസ്ഥമാക്കി. വരവൂർ സി.ഡി.എസ് മികച്ച സി.ഡി.എസ് സംയോജന പ്രവർത്തനം, തനത് പ്രവർത്തനം, ഭരണ നിർവ്വഹണം, മൈക്രോ ഫിനാൻസ് പ്രവർത്തനങ്ങൾ മൂന്നാം സ്ഥാനവും മികച്ച സി.ഡി.എസ് സാമൂഹ്യ വികസനം ജെൻഡർ പ്രവർത്തനങ്ങൾ ഒന്നാം സ്ഥാനവും, മികച്ച സി.ഡി.എസ് കാർഷിക മേഖല മൃഗസംരക്ഷണം ഒന്നാം സ്ഥാനത്തിനും അർഹമായി.

മികച്ച ഓക്സിലറി സംരംഭത്തിനുള്ള രണ്ടാം സ്ഥാനം വരവൂർ സി ഡി എസിലെ വൺ എയ്റ്റീനും നേടി. ജില്ലയിലെ മികച്ച കുടുംബശ്രീ പ്രവർത്തനങ്ങൾക്കുള്ള അവാർഡുകൾ എല്ലാ വർഷവും വരവൂരിലെ കുടുംബശ്രീ സ്വന്തമാക്കാറുണ്ട്. അതിനൊപ്പം സംസ്ഥാനതലത്തിലെ ഈ മിന്നും നേട്ടം ജില്ലക്കും കാർഷിക ഗ്രാമമായ വരവൂരിനും കുടുംബശ്രീ പ്രവർത്തകർക്കും അർഹതയ്ക്കുള്ള അംഗീകാരമാവുകയാണ്.

സംസ്ഥാനതലത്തിലെ മികച്ച ഓക്സിലറി ഗ്രൂപ്പ് രണ്ടാം സ്ഥാനം പോർക്കുളം സി ഡി എസിലെ പുനർജനി ഓക്സിലറി ഗ്രൂപ്പും, മികച്ച സ്നേഹിത രണ്ടാം സ്ഥാനം സ്നേഹിത തൃശ്ശൂരും, മികച്ച ജില്ലാ മിഷൻ രണ്ടാം സ്ഥാനം കുടുംബശ്രീ ജില്ലാ മിഷൻ തൃശ്ശൂർ, മികച്ച പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല രണ്ടാം സ്ഥാനവും കുടുംബശ്രീ ജില്ലാ മിഷൻ തൃശൂർ എന്നീ അവാർഡുകൾ സംസ്ഥാനതല കുടുംബശ്രീ അവാർഡ് വിതരണത്തിൽ തൃശ്ശൂരിനെ തേടിയെത്തി. കുടുംബശ്രീ വാർഷിക ത്തോടനുബന്ധിച്ച് മെയ് 17 നു തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

കെ.പി. നമ്പൂതിരീസിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ലോഗോ പ്രകാശനം

കെ.പി. നമ്പൂതിരീസ് ആയുർവേദിക്സിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ലോഗോ ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി പ്രസിഡന്റ് എം.വി. ശ്രേയാംസ് കുമാർ പ്രകാശനം ചെയ്യുന്നു. കെ.പി നമ്പൂതിരീസ് മാനേജിംഗ് ഡയറക്ടർ കെ. ഭവദാസൻ, മാർക്കറ്റിംഗ് മാനേജർ പി. സുനോജ്, ടോംയാസ് മാനേജിംഗ് ഡയറക്ടർ തോമസ് പാവറട്ടി എന്നിവർ സമീപം.

മോഡൽ പോളിടെക്നിക് കോളേജിൽ ഇൻഡസ്ട്രി ഓൺ കാമ്പസ് പ്രവർത്തനോദ്ഘാടനം

ഇരിങ്ങാലക്കുട:കല്ലേറ്റുംകര കെ. കരുണാകരൻ മെമ്മോറിയൽ മോഡൽ പോളിടെക്നിക് കോളേജിൽ ഇൻഡസ്ട്രി ഓൺ കാമ്പസിന്റെ പ്രവർത്തനോദ്ഘാടനം ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിച്ചു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യഥാർത്ഥ വ്യവസായിക അന്തരീക്ഷം സൃഷ്ടിച്ച് വിദ്യാർത്ഥികളിൽ പ്രായോഗിക പരിജ്ഞാനം വളർത്തുവാനും, സംരംഭകത്വം ഉളവാക്കുവാനും വേണ്ടി രൂപകല്പന ചെയ്ത പ്രോഗ്രാമാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് വിദ്യാർത്ഥികളിൽ വ്യാവസായിക സംസ്കാരം രൂപപ്പെടുത്തുകയാണ് ഇൻഡസ്ട്രി ഓൺ കാമ്പസിന്റെ ലക്ഷ്യം. ഐ.എച്ച്.ആർ.ഡി. യുടെ കല്ലേറ്റുംകരയിലുള്ള കെ.കരുണാകരൻ മെമ്മോറിയൽ മോഡൽ പോളിടെക്നിക്ക് കോളേജിൽ ബ്രൈറ്റ്നർ പവർ കണ്ട്രോൾ പ്രൈവറ്റ് ലിമിറ്റഡ് ഇരിങ്ങാലക്കുട എന്ന സ്ഥാപനവുമായി സഹകരിച്ചാണ് ഇൻഡസ്ട്രി ഓൺ കാമ്പസിന്റെ പ്രവർത്തനം ആരംഭിച്ചത്.

പ്രാരംഭഘട്ടത്തിൽ ഇരിങ്ങാലക്കുട ബ്രൈറ്റ്നർ പവർ കണ്ട്രോൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സഹകരിച്ച് യു.പി.എസ്, ഇൻവെർട്ടർ എന്നീ ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം, ഗുണപരിശോധന എന്നീ ജോലികൾ ഇൻഡസ്ട്രി ഓൺ കാമ്പസ് യൂണിറ്റിന്റെ ഭാഗമായി പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ചെയ്തു നൽകും. ഭാവിയിൽ കൂടുതൽ സ്ഥാപനങ്ങളുമായി സഹകരിച്ച് കോളേജിൽ നിലവിലുള്ള കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനിയറിംഗ്, ബയോമെഡിക്കൽ എഞ്ചിനിയറിംഗ്, റോബോട്ടിക് പ്രോസസ്സിംഗ് & ഓട്ടോമേഷൻ എന്നീ ബ്രാഞ്ചുകളിലെ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇൻഡസ്ട്രി ഓൺ കാമ്പസ് യൂണിറ്റിന്റെ വിപുലമായ പ്രവർത്തനമാണ് സ്ഥാപനം ലക്ഷ്യമിടുന്നത്. ഇതുമൂലം വിദ്യാർത്ഥികൾക്ക് അവരുടെ പ്രായോഗിക അറിവ് വർദ്ധിപ്പിക്കുന്നതിനും പഠനത്തോടൊപ്പം ചെറിയ വരുമാനം കണ്ടെത്താനും സാധിക്കുമെന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു.

ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ആർ.ജോജോ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഐ.എച്ച്. ആർ.ഡി ഡയറക്ടർ ഡോ. വി.എ.അരുൺകുമാർ, നിപ്മർ ഡയറക്ടർ സി. ചന്ദ്രബാബു, തൃശൂർ ജില്ലാ ആസൂത്രണ സമിതി ഓഫീസർ ടി.ആർ.മായ തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം മാനേജിംഗ് ഡയറക്ടർ ഷീബ. എസ്, ഷീൻ ആന്റണി, രതിസുരേഷ്, ആശ.ആർ, പി.എ. സാബു, വർഗ്ഗീസ് പന്തല്ലൂക്കാരൻ എന്നിവർ സംസാരിച്ചു.

ചാലക്കുടി പോട്ട ബാങ്ക് കവർച്ചാ കേസിലെ അന്വേഷണ മികവിന് കൊടുങ്ങല്ലൂർ ഡിവൈഎസ്പിയടക്കമുള്ളവർക്ക് സംസ്ഥാന പോലീസ് മേധാവിയുടെ അംഗീകാരം

ചാലക്കുടി: പോട്ട ബാങ്ക് കവർച്ചാ കേസിലെ അന്വേഷണ സംഘത്തിന് പോലീസ് മേധാവിയുടെ അംഗീകാരം.

2025 ഫെബ്രുവരി 14 ന് ബാങ്കിലെ ജീവനക്കാരെ ഭീഷണിപ്പെടുത്തി ബന്ദികളാക്കി 15 ലക്ഷം രൂപ കവർച്ച നടത്തിയ കേസിൽ ചാലക്കുടി ആശാരിപ്പാറ സ്വദേശി തെക്കൻ വീട്ടിൽ റിന്റോ എന്നറിയപ്പെടുന്ന റിജോ ആന്റണിയെ പിടികൂടിയ അന്വേഷണ സംഘത്തിനാണ് അംഗീകാരം ലഭിച്ചത്.

ജില്ലാ റൂറൽ പോലീസ് മേധാവി ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് മൂന്ന് ദിവസത്തിനകം റിജോ ആന്റണിയെ അറസ്റ്റ് ചെയ്തത്.തുടർന്ന് 58 ദിവസംകൊണ്ട് കുറ്റപത്രം സമർപ്പിച്ചു.

കുറ്റമറ്റതും സമയബന്ധിതവുമായ അന്വേഷണത്തിലൂടെ മണിക്കൂറുകൾക്കകം പ്രതിയെ പിടികൂടുകയും കാലതാമസമില്ലാതെ കുറ്റപത്രം സമർപ്പിച്ചതിനുമാണ് ജില്ലാ പോലീസ് മേധാവി, ഡിവൈഎസ്പിമാരായ കെ. സുമേഷ്, വി.കെ. രാജു, ഇൻസ്പെക്ടർമാരായ എം.കെ. സജീവ്, അമൃത് രംഗൻ, പി.കെ. ദാസ്, വി. ബിജു എന്നിവർക്കും സംഘാംഗങ്ങൾക്കുമാണ് അംഗീകാരം ലഭിച്ചത്.

നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് നിയമിച്ച ജീവനക്കാരെ പിരിച്ചുവിട്ടു

തൃശ്ശൂർ:സഹകരണ വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് തൃശ്ശൂർ അർബ്ബൻ കോ ഓപ്പറേറ്റീവ് ബാങ്കിൽ ഡയറക്ടർ ബോർഡ് നിയമിച്ച ജീവനക്കാരെ പിരിച്ചുവിട്ടു. പ്രായ പരിധി കഴിഞ്ഞവരെയും പെൻഷൻപറ്റിയവരെയും നിയമ വിരുദ്ധമായി നിയമിച്ച തീരുമാനങ്ങൾ റദ്ദാക്കികൊണ്ട് സർക്കാർ ഉത്തരവായിരിക്കുന്നു. ഇവരെയാണ് ഇപ്പോൾ പിരിച്ചുവിട്ടത്.

ബാങ്കിന്റെ ഓഹരി ഉടമ ആന്റോ ഡി.ഒല്ലൂക്കാരൻ ഹൈകോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് സർക്കാരിന് നിർദ്ദേശം നൽകിയത്. വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ നിലവിലെ ക്ലാസ്സിഫിക്കേഷൻ പുനഃനിർണ്ണയിക്കാതെയും, ജീവനക്കാർക്ക് ശമ്പളങ്ങളും മറ്റു ആനുകൂല്യങ്ങളും നൽകിയതും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാകയാൽ ബാങ്ക് ഡയറക്ടർ ബോർഡ് തീരുമാനങ്ങൾ സർക്കാർ റദ്ദാക്കിയത്. ബാങ്കിന്റെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിക്കണമെന്നും സ്റ്റാഫ് പാറ്റേൺ ഫീഡർ കാറ്റഗറി റൂൾസ് എന്നിവയ്ക്ക് അംഗീകാരം വാങ്ങേണ്ടതും തസ്തികകളുടെ എണ്ണം നിജപ്പെടുത്തി ഒഴിവുകൾ തിട്ടപ്പെടുത്തിയതിനു ശേഷം മാത്രം ബാങ്കിൽ പുതിയ നിയമനം നടത്താവു എന്നും സർക്കാർ ഉത്തരവിലുണ്ട്.

പോസ്റ്റ് ഓഫീസ് ഏജൻസി: പരാതികൾ അറിയിക്കാം

തൃശൂർ: ചെറുതുരുത്തി പോസ്റ്റ് ഓഫീസിനു കീഴിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന എസ്എഎസ് ഏജന്റായ പി. പ്രഭാവതി (സി.എ നം. 3224/എസ്എഎസ്/92), (1954/എംപിഎ/എഫ്ജി/77) ഏജൻസി പ്രവർത്തനം റദ്ദ് ചെയ്യുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഈ വ്യക്തിയുടെ ഏജൻസി പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ 30 ദിവസത്തിനകം അയ്യന്തോളിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യപദ്ധതി ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട് രേഖാ മൂലം പരാതി നൽകേണ്ടതാണെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04872361566 എന്ന നമ്പറിൽ ബന്ധപ്പെടുക.

തളിക്കുളം:സി.പി.എം തളിക്കുളം ലോക്കൽ കമ്മിറ്റിയുടെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം ഞായറാഴ്ച വൈകുന്നേരം 3ന് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും. ദേശീയപാത വികസനത്തിനു വേണ്ടി പഴയ ഓഫീസ് കെട്ടിടവും ഭൂമിയും അക്വയർ ചെയ്തു ലഭിച്ച 58 ലക്ഷം രൂപ ഉപയോഗിച്ച് 5 സെന്റ് ഭൂമി വാങ്ങി കെട്ടിടവും നിർമിക്കുകയാണ് ചെയ്തത് സ്നേഹതീരം റോഡിൽ ഹാഷ്മിനഗറിൽ 1856 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ഓഫീസ് നിർമിച്ചിരിക്കുന്നത്. ഉദ്ഘാടന സമ്മേളനത്തിലേക്ക് വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളെയും ക്ഷണിച്ചിട്ടുണ്ട്. വാർത്ത സമ്മേളനത്തിൽ സംഘാടക സമിതി ചെയർമാൻ കെ.ആർ. സീത, കൺവീനർ ഇ.പി.കെ. സുഭാഷിതൻ, ട്രഷറർ പി.ഐ. സജിത, പി.ഐ.രാജീവ് എന്നിവർ പങ്കെടുത്തു.

ശ്രീകൂടൽമാണിക്യം തിരുവുൽസവം; മാണിക്യശ്രീ പുരസ്കാരം കഥകളി ആചാര്യൻ കലാനിലയം രാഘവനാശാന് സമർപ്പിച്ചു

ഇരിങ്ങാലക്കുട : 2025 ലെ മാണിക്യശ്രീ പുരസ്കാരം കഥകളി ആചാര്യൻ കലാനിലയം രാഘവനാശാന് സമർപ്പിച്ചു. ഒരു പവന്റെ സ്വർണ്ണപ്പതക്കവും കീർത്തിപത്രവും അടങ്ങുന്ന പുരസ്കാരം കൂടൽമാണിക്യം തിരുവുൽസവത്തിന്റെ ഭാഗമായി നടന്ന സാംസ്കാരിക സമ്മേളനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു സമർപ്പിച്ചു. സ്പെഷ്യൽ പന്തലിൽ നടന്ന ചടങ്ങിൽ ദേവസ്വം ചെയർമാൻ അഡ്വ സി കെ ഗോപി അധ്യക്ഷത വഹിച്ചു. പ്രൊഫ വി കെ ലക്ഷ്മണൻ നായർ രചിച്ച കൂടൽ മാണിക്യം ക്ഷേത്ര ചരിത്രവും ശ്രീരാമപട്ടാഭിഷേകം കഥകളിയും എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, അഡ്വ കെ ആർ വിജയ നളിൻ മേനോൻ, ദേവസ്വം ഭരണ സമിതി അംഗങ്ങളായ രാഘവൻ മുളങ്ങാടൻ, ഡോ മുരളി ഹരിതം, കെ ബിന്ദു , അഡ്മിനിസ്ട്രേറ്റർ കെ ഉഷാനന്ദിനി തുടങ്ങിയവർ സംസാരിച്ചു. ഭരണ സമിതി അംഗം അഡ്വ കെ ജി അജയ് കുമാർ സ്വാഗതവും അഡ്മിനിസ്ട്രേറ്റർ കെ ഉഷാനന്ദിനി നന്ദിയും പറഞ്ഞു.

ബ്ലോക്ക്തല പാചക മത്സരങ്ങൾ നടത്തി

തൃശൂർ: സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേളയുടെ പ്രചരണാർത്ഥം മാള, ചാവക്കാട്, തളിക്കുളം ബ്ലോക്കുകളിൽ കുടുംബശ്രീ അംഗങ്ങൾക്കായി പാചക മത്സരം നടത്തി. പായസം, ജ്യൂസ്, കേക്ക്, പുട്ട്, പരമ്പരാഗത വിഭവങ്ങളടങ്ങിയ വ്യത്യസ്തമായ അഞ്ച് വിഭവങ്ങളെ ആസ്പദമാക്കിയാണ് മത്സരം നടത്തിയത്.

മാള പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച മത്സരത്തിൽ മാള കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ സരോജ വിജയന്റെ അധ്യക്ഷതയിൽ നടന്ന മത്സരത്തിൽ മാള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബാബു സമ്മാനദാനം നിർവഹിച്ചു. ചാവക്കാട് നഗരസഭ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ചാവക്കാട് നഗരസഭ കുടുംബശ്രീ ചെയർപേഴ്സൺ ജീന രാജീവിന്റെ അധ്യക്ഷതയിൽ നടന്ന പാചക മത്സരത്തിന്റെ സമ്മാനദാനം ചാവക്കാട് നഗരസഭ ചെയർപേഴ്സൺ ഷീജ പ്രശാന്ത് നിർവഹിച്ചു. തളിക്കുളം ബ്ലോക്ക്തല പാചക മത്സരത്തിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസിയുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ തളിക്കുളം ബ്ലോക്ക് പ്രസിഡന്റ് കെ.സി പ്രസാദ് സമ്മാനദാനം നിർവഹിച്ചു. മത്സരങ്ങളിൽ വാർഡ് മെമ്പർമാർ, സിഡിഎസ് ചെയർപേഴ്സൺമാർ, ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, സിഡിഎസ് മെമ്പർമാർ, എംഇസിമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

3 കോടി രൂപയുടെ നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി; കേസിലെ പ്രതി റിമാന്റിൽ

പിടികൂടിയത് മധ്യകേരളത്തിലെ ഏറ്റവും വലിയ നിരോധിത പുകയില ഉത്പന്ന ശേഖരം

ചാലക്കുടി: "ഓപ്പറേഷൻ ഡി ഹണ്ടിന്റെ" ഭാഗമായ ചാലക്കുടി പോലീസ് സ്റ്റേഷൻ പരിധിയിൽ പരിശോധനകൾ നടന്ന് വരവെ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ബി കൃഷ്ണകുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ഡിവൈഎസ്പി ബിജു കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ വാഹനപരിശോധനയിൽ അഞ്ഞൂറോളം ചാക്കുകളിലായി നിറച്ചിരുന്ന 3,62,750 പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തു. ലോറി ഡ്രൈവറായ മലപ്പുറം മഞ്ചേരി മേലാക്കം സ്വദേശി തറമണ്ണിൽ വീട്ടിൽ അബ്ദുൾ മനാഫ് (41 വയസ്) എന്നയാളെ അറസ്റ്റ് ചെയ്തു. പുകയില ഉത്പന്ന ശേഖരം കൊണ്ടു വന്ന EICHER വാഹനവും കസ്റ്റഡിയിലെടുത്തു. ബിസ്കറ്റ് പാക്കറ്റുകളോട് കൂടിയ ബോക്സുകൾക്കിടയിൽ പുകയില ഉൽപ്പന്നങ്ങൾ അടങ്ങിയ ചാക്കുകൾ ഒളിപ്പിച്ച നിലയിലാണ് കണ്ടെടുത്തത്. ചാലക്കുടി മുതൽ കൊല്ലം വരെ വിതരണം ചെയ്യാൻ കൊണ്ടു വന്നതാണ് പ്രസ്തുത പുകയില ഉത്പന്ന ശേഖരമെന്നാണ് ലഭിച്ച വിവരം, ഉത്തരേന്ത്യയിൽ നിർമ്മിക്കുന്ന നിരോധിത പുകയില ഉത്പന്നങ്ങൾ പത്തുരൂപ നിരക്കിൽ വാങ്ങി കേരളത്തിലെത്തിച്ച് നൂറു രൂപ മുതൽ മുകളിലക്ക് വില ഈടാക്കിയാണ് വിൽപന നടത്തുന്നത്.



തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ആ. കൃഷ്ണകുമാറിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ചാലക്കുടി ഡിവൈഎസ്പി ബിജു കുമാർ പി.സി, സർക്കിൾ ഇൻസ്പെക്ടർ സജീവ് എം.കെ, സബ് ഇൻസ്പെക്ടർ ഋഷിപ്രസാദ്, ഡാൻസാഫ്- ക്രൈം സ്ക്വാഡ് അംഗങ്ങളായ സതീശൻ മടപ്പാട്ടിൽ, പി. എം മൂസ, വി.യു സിൽജോ, ഷിയാസ് പി.എം, എ.യു റെജി, ബിനു എം.ജെ, ഷിജോ തോമസ് എന്നിവരും ചാലക്കുടി പോലീസ് സ്റ്റേഷൻ അഡീഷണൽ എസ്ഐ ജെയ്സൺ ജോസഫ്, എഎസ്ഐ ജിബി പി. ബാലൻ, സീനിയർ സിപിഒ ആൻസൻ പൗലോസ്, സിപിഒ പ്രദീപ് എൻ എന്നിവരും ചേർന്നാണ് വാഹന പരിശോധന നടത്തി നിരോധിത പുകയില ഉൽപ്പന്ന ശേഖരം പിടികൂടി പ്രതിയെ അറസ്റ്റ്ചെയ്തത്.

എസ് എസ് എൽ സി വിജയശതമാനം

ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിൽ ആകെ പരീക്ഷയെഴുതിയത് 10842 വിദ്യാർഥികൾ. ഉപരിപഠന യോഗ്യത നേടിയത് 10830 പേരാണ്. 99.89 ശതമാനമാണ് വിജയശതമാനം. 669 ആൺകുട്ടികൾക്കും 1373 പെൺകുട്ടികൾക്കും ഉൾപ്പെടെ 2042 പേർക്കാണ് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചത്.

ചാവക്കാട് ആകെ പരീക്ഷയെഴുതിയത് 15242 വിദ്യാർഥികൾ. ഉപരിപഠന യോഗ്യത നേടിയത് 15102 പേർ. 99.08 വിജയശതമാനം. 463 ആൺകുട്ടികൾക്കും 1050 പെൺകുട്ടികൾക്കും ഉൾപ്പെടെ 1513 പേർക്കാണ് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചത്.

തൃശൂർ വിദ്യാഭ്യാസ ജില്ലയിൽ ആകെ പരീക്ഷയെഴുതിയത് 9832 വിദ്യാർഥികൾ. ഉപരിപഠന യോഗ്യത നേടിയത് 9797 പേർ. വിജയശതമാനം 99.64. തൃശൂർ വിദ്യാഭ്യാസ ജില്ലയിൽ 566 ആൺകുട്ടികൾക്കും 1117 പെൺകുട്ടികൾക്കും ഉൾപ്പെടെ 1683 പേർക്കാണ് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചത്.

കലാമണ്ഡലത്തിൽ എ.എച്ച്.എസ്.എൽ.സി 100 ശതമാനം വിജയം

തൃശൂർ: കേരള കലാമണ്ഡലം ആർട്ട് ഹയർ സെക്കൻഡറി സ്കൂളിൽ പരീക്ഷ എഴുതിയ 66 വിദ്യാർഥികളിൽ മുഴുവൻ പേരും ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടി. 100 ശതമാനം വിജയം കൈവരിച്ചു.

ബിഡ് ക്ഷണിച്ചു

തൃശൂർ: 2024-25 വർഷത്തെ പ്ലാൻ ഫണ്ടിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ കാരുമാത്രയിലെ സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമാണത്തിനായി സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസികളിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ബിഡുകൾ ക്ഷണിച്ചു. 45 ലക്ഷം രൂപയുടെ ഭരണാനുമതിയോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. താൽപര്യമുള്ള സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസികൾ ജി.ഒ.(പി)നം.67/2021/ഫിൻ പ്രകാരമുള്ള പി എം സി ചാർജിന്റെ അടിസ്ഥാനത്തിൽ മെയ് 16 ന് വൈകീട്ട് അഞ്ച് മണിക്കകം മുദ്രവെച്ച കവറിൽ കളക്ട്രേറ്റിൽ ബിഡ് സമർപ്പിക്കേണ്ടതാണ്. പി എം സി നിരക്ക് ശതമാനത്തിൽ ബിഡിൽ രേഖപ്പെടുത്തേണ്ടതാണ്. സർക്കാരിന്റെ എല്ലാ അനുബന്ധ ഉത്തരവുകളും ഈ നിർമാണ പ്രവൃത്തി സംബന്ധിച്ച് ബാധകമായിരിക്കും. സമർപ്പിക്കപ്പെടുന്ന ബിഡുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 11 ന് ജില്ലാ കളക്ടറുടെയോ ഡെപ്യൂട്ടി കളക്ടറുടെയോ ഫിനാൻസ് ഓഫീസറുടെയോ അല്ലെങ്കിൽ കളക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കും. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2433454.

കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം

തൃശൂർ: തൃത്താല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ 2023-24 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കിയ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളിൽ കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റാത്തവർ ഓഫീസുമായി ബന്ധപ്